പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1863 — 05.12.2014 ൽ മറുപടിയ്ക്ക്

## കിലയെ സർവ്വകലാശാലയാക്കൽ

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**ഉത്തരം**

ഡോ. എം. കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

**ചോദ്യം എ)** തൃശ്ശൂരിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) സർവ്വകലാശാലയാക്കി ഉയർത്താൻ നീക്കം നടക്കുന്നുണ്ടോ? എങ്കിൽ ഇതിനായുള്ള പ്രവർത്തനം ഏതു ഘട്ടംവരെയെത്തി എന്ന് വിശദമാക്കാമോ?

**ഉത്തരം എ)** ഉണ്ട്. 21.08.2013 ലെ സ.ഉ.(എം.എസ്) നം.286/2013/തസ്വഭവ പ്രകാരം കിലയെ കൽപിത സർവ്വകലാശാലയായി വികസിപ്പിയ്ക്കാൻ ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**ചോദ്യം ബി)** കില സർവ്വകലാശാലയാക്കുകയാണെങ്കിൽ എന്തൊക്കെ കോഴ്സുകൾ ആരംഭിക്കാനാണ് നീക്കം? ഇതിന്റെ പ്രവർത്തന ചുമതലയ്ക്ക് ഏതു വകുപ്പാണ് മേൽനോട്ടം വഹിക്കുക? ഇവിടെ അഡ്മിഷൻ ലഭിക്കാനുള്ള മാനദണ്ഡം എന്താണ്?

**ഉത്തരം ബി)** കില സർവ്വകലാശാലയാക്കുമ്പോൾ അധികാര വികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം, പോളിസി സ്റ്റഡീസ് തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുവാനാണ് വിഭാവനം ചെയ്യിരിക്കുന്നത്. ഇതിൽ അന്തിമമായി തീരുമാനമെടുക്കുന്നത് യൂണിവേഴ്സിറ്റിയുടെ അക്കാദമിക് കൗൺസിലാണ്. യൂണിവേഴ്സിറ്റി നിർണ്ണയിക്കുന്ന വകുപ്പുകളുടെ കീഴിലായിരിക്കും കോഴ്സുകൾ ആരംഭിക്കുക. യു.ജി.സി നിഷ്കർഷിക്കുന്ന പ്രകാരമുള്ള മാനദണ്ഡങ്ങളാണ് അഡ്മിഷനു വേണ്ടി വിഭാവനം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ